### സ്കോളർഷിപ്പ്

## എസ്.ഐ.ഒ നേതാക്കൾ ന്യൂനപക്ഷ മന്ത്രാലയം സന്ദർശിച്ചു

മുസ്‌ലിം വിദ്യാർഥികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികൾ കുറ്റമറ്റതാക്കാനും കൂടുതൽ കാര്യക്ഷമമാക്കാനും പ്രായോഗിക നിർദേശങ്ങൾ സമർപ്പിക്കാൻ എസ്.ഐ.ഒ ദേശീയ പ്രതിനിധിസംഘം ന്യൂനപക്ഷ മന്ത്രാലയം സന്ദർശിച്ചു. ദേശീയ സെക്രട്ടറി ഷാനവാസ് അലി റൈഹാന്റെ നേതൃത്വത്തിലുള്ള സംഘം മന്ത്രാലയത്തിലെ വിവിധ ഉദ്യോഗസ്ഥരെ കണ്ട് ചർച്ച നടത്തി.

സ്കോളർഷിപ്പ് പദ്ധതിക്ക് തുടക്കം കുറിച്ച ന്യൂനപക്ഷ മന്ത്രാലയത്തെ പ്രശംസിച്ച എസ്.ഐ.ഒ നേതാക്കൾ വിവരങ്ങൾ കൂടുതൽ വിദ്യാർഥികളിലേക്കെത്തിക്കാനും നടപടിക്രമങ്ങൾ ലഘൂകരിക്കാനും സ്കോളർഷിപ്പ് സ്കീമിന് വാർഷിക കലണ്ടർ തയാറാക്കാനും നിർദേശിച്ചു.

രാജ്യത്തെ ഗ്രാമീണ മേഖലകളിൽ വസിക്കുന്ന വിദ്യാർഥികളെ ആകർഷിക്കാൻ ഈ പദ്ധതിക്ക് ഇപ്പോഴും സാധിച്ചിട്ടില്ല. വരുമാന സർട്ടിഫിക്കറ്റ് ലഭിക്കാത്തത് പലർക്കും സ്കോളർഷിപ്പ് തടയപ്പെടാൻ കാരണമായിത്തീരുന്നു. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിലെ മെയിന്റനൻസ് അലവൻസ് വർധിപ്പിക്കുക, വോട്ടർ ഐ.ഡി കാർഡ് റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ആയി പരിഗണിക്കുക, ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിയത് പിൻവലിക്കുക, കൂടുതൽ പ്രഫഷനൽ കോഴ്സുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുക, അപേക്ഷാ ഫോറം ലളിതമാക്കുക, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുക വർധിപ്പിക്കുക, സംസ്ഥാനങ്ങളിലെ സ്കോളർഷിപ്പ് പരിപാടികൾക്ക് കണിശമായി മേൽനോട്ടം വഹിക്കുക തുടങ്ങിയ ആവശ്യങ്ങളും സംഘം ഉന്നയിച്ചു. നിർദേശങ്ങൾ പരിഗണിക്കുകയും പരമാവധി നടപ്പാക്കുകയും ചെയ്യാമെന്ന് ഉദ്യോഗസ്ഥർ ഉറപ്പുകൊടുത്തതായി നേതാക്കൾ അറിയിച്ചു.

## ന്യൂനപക്ഷ വിദ്യാർഥികൾക്ക് അവാർഡ്

പത്താംതരം പരീക്ഷയിൽ 60 ശതമാനത്തിൽ അധികം മാർക്ക് ലഭിച്ച യു.പിയിലെ 700 ന്യൂനപക്ഷ വിദ്യാർഥികൾക്ക് അവാർഡ് നൽകാൻ ഹ്യൂമൻ വെൽഫയർ ഫൗണ്ടേഷൻ തീരുമാനിച്ചു. നവംബർ 8-ന് ലഖ്നോവിലെ ഹരി ലോണിൽ നടക്കുന്ന ചടങ്ങിലാണ് അവാർഡ് വിതരണം നടക്കുക. യു.പി സംസ്ഥാന വിദ്യാഭ്യാസ ബോർഡ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, സംസ്ഥാന മദ്റസാ ബോർഡ് എന്നീ സ്കീമുകളിലെ വിദ്യാർഥികൾക്കാണ് അവാർഡ്. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അധ്യക്ഷൻ പ്രഫ. കെ.എ സിദ്ദീഖ് ഹസന്റെ നേതൃത്വത്തിൽ നടക്കുന്ന 'വിഷൻ 2016' ന്റെ ഭാഗമായി രൂപീകരിച്ചതാണ് ഹ്യൂമൻ വെൽഫയർ ഫൗണ്ടേഷൻ.

### ബട്‌ല ഹൗസ്

## സുപ്രീം കോടതിവിധിയിൽ മുശാവറ നടുക്കം രേഖപ്പെടുത്തി

ബട്‌ല ഹൗസ് വ്യാജ ഏറ്റുമുട്ടൽ കേസിൽ ജുഡീഷ്യൽ അന്വേഷണം നിരാകരിച്ച സുപ്രീംകോടതി വിധിയിൽ ആൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ ഞെട്ടലും നടുക്കവും രേഖപ്പെടുത്തി. സംഭവത്തിൽ കൊല്ലപ്പെട്ടവരെ 'ക്രിമിനലുകൾ' എന്ന് സുപ്രീം കോടതി

വിളിച്ചത് തീർത്തും നിർഭാഗ്യകരമാണെന്ന് മുശാവറ പ്രസിഡന്റ് ഡോ. സഫറുൽ ഇസ്‌ലാം ഖാൻ പ്രസ്താവനയിൽ പറഞ്ഞു. അന്വേഷണം പോലീസിന്റെ ആത്മവീര്യം ചോർത്തുമെന്ന് പറയുന്നത് സംശയങ്ങളെ വീണ്ടും ബലപ്പെടുത്തുകയാണ്. ഉന്നത ഭരണഘടനാ സംവിധാനങ്ങളുടെ ഇത്തരം സമീപനങ്ങൾ സാധാരണക്കാരന് വ്യവസ്ഥയിലുള്ള വിശ്വാസം നഷ്ടപ്പെടുത്താനേ ഉപകരിക്കൂ. ബട്‌ല ഹൗസ് സംഭവത്തിന്റെ നിജസ്ഥിതികൾ വെളിച്ചത്തു കൊണ്ടുവരാൻ ഉന്നതതല അന്വേഷണം നടത്തിയേ മതിയാകൂ എന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## ജാമിഅ മില്ലിയ്യയിൽ ഒ.ബി.സി സംവരണം മുസ്‌ലിം നേതാക്കൾ പ്രതിഷേധിച്ചു

ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യക്ക് ന്യൂനപക്ഷ പദവി നൽകുന്നത് തടയുന്ന സർക്കാർ ഇവിടെ 27 ശതമാനം ഒ.ബി.സി സംവരണം ബലമായി നടപ്പാക്കാൻ ശ്രമിക്കുന്നതിനെതിരെ മുസ്‌ലിം നേതാക്കൾ രംഗത്തെത്തി. മുസ്‌ലിം പിന്നാക്കാവസ്ഥയെക്കുറിച്ച് വിലപിക്കുന്ന കോൺഗ്രസ് നേതാക്കളുടേത് ഇരട്ടത്താപ്പാണെന്ന് അവർ കുറ്റപ്പെടുത്തി. ജ.ഇ അഖിലേന്ത്യാ അമീർ മൗലാനാ ജലാലുദ്ദീൻ ഉമരി, ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് വക്താവ് അബ്ദുൽ ഹമീദ് നുഅ്മാനി, മൗലാനാ വലി റഹ്മാനി, മുഫ്തി മുഹമ്മദ് മുകർറം, കമാൽ ഫാറൂഖി, മൗലാനാ യാസീൻ അക്തർ മിസ്ബാഹി, മുഹമ്മദ് ഇൽയാസ് മലിക്, പ്രഫ. നുസ്റത്തുല്ല ഖാൻ എന്നിവരാണ് പ്രതിഷേധ പ്രസ്താവനയിൽ ഒപ്പ് വെച്ചത്.

### അയോധ്യയിൽനിന്ന് അജ്മീരിലേക്ക് സദ്ഭാവനാ യാത്ര

ബാബരി മസ്ജിദ് തകർത്തതിന്റെ 17-ാം വാർഷികത്തിൽ ഡിസംബർ 6 മുതൽ 12 വരെ അയോധ്യയിൽനിന്ന് അജ്മീരിലേക്ക് സദ്ഭാവനായാത്ര സംഘടിപ്പിക്കുന്നു. അയോധ്യ കീ ആവാസ്, ആശ പരിവാർ, എൻ.എ.പി.എം തുടങ്ങിയ സംഘടനകൾ ഒത്തുചേർന്നാണ് യാത്ര സംഘടിപ്പിക്കുന്നത്. ഇതേമാസം ശിൽപ പൂജ അടക്കമുള്ള പ്രകോപനപരമായ പരിപാടികൾ നടത്താൻ വി.എച്ച്.പി തീരുമാനിച്ച പശ്ചാത്തലത്തിൽ കൂടിയാണ് യാത്ര സംഘടിപ്പിക്കാൻ തീരുമാനിച്ചത്. അയോധ്യയിലെ കബീർ മലിൽ നിന്ന് ഡിസംബർ 6-ന് രാവിലെ 10 മണിക്കാണ് യാത്ര ആരംഭിക്കുക. 1100 കി.മീ താണ്ടി അജ്മീരിൽ യാത്ര അവസാനിക്കുക ദേശീയ കൺവെൻഷനോട് കൂടിയാണ്.

### ഇസ്‌ലാമിലെ മനഃശാസ്ത്ര സങ്കൽപം: അലീഗഢിൽ സെമിനാർ

ഇസ്‌ലാമിലെ മനഃശാസ്ത്ര സങ്കൽപത്തെക്കുറിച്ച് അലിഗഢ് മുസ്‌ലിം സർവകലാശാലയിൽ അന്താരാഷ്ട്ര സെമിനാർ നടന്നു. സർവകലാശാലയും ദൽഹിയിലെ ഐ.ഒ.എസും ചേർന്നാണ് സെമിനാർ സംഘടിപ്പിച്ചത്. മനഃശാസ്ത്രത്തിന്റെ ഇസ്‌ലാമിക പരിപ്രേക്ഷ്യം കൂടുതൽ വികസിപ്പിക്കേണ്ടതുണ്ടെന്ന് സെമിനാർ അഭിപ്രായപ്പെട്ടു. പ്രഫ. ഹാമിദ അഹ്മദ്, പ്രഫ. നിസാർ അൽ അനി, ഡോ. മൻസൂർ ആലം, പ്രഫ. റൊഖയ്യ സൈനുദ്ദീൻ, പ്രഫ. ഷംഷാദ് അഹ്മദ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

### തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെക്കുറിച്ച് ശിൽപശാല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനരീതിയെക്കുറിച്ചും വിവിധ സ്കീമുകളെക്കുറിച്ചും ജ.ഇ കർണാടക ഘടകം ശിൽപശാല സംഘടിപ്പിച്ചു. ഒക്ടോബർ 3,4 തീയതികളിൽ ബാംഗ്ലൂരിലാണ് പരിപാടി നടന്നത്. ജ.ഇ ദേശീയ സെക്രട്ടറി മുജ്തബാ ഫാറൂഖ് ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 75 പേർ പങ്കെടുത്തു.

**അബ്ബാദ്**